എന്റെ ആദ്യത്തെ TB മീറ്റ് സ്വന്തം സ്ഥലത്ത് വെച്ച് കൂടാൻ പറ്റിയതിൽ ഒരുപാട് സന്തോഷമുണ്ട്. ഇത്രയും സൗകര്യമായിട്ട് എല്ലാം ഒരുക്കിത്തന്ന സംഘാടകർ ഓരോരുത്തർക്കും നന്ദി അറിയിക്കുന്നു. പറഞ്ഞു കേട്ടതിനേക്കാൾ അപ്പുറമായിരിന്നു ആഘോഷങ്ങൾ!!! അപ്പോൾ അടുത്ത മീറ്റിനു പുതിയ ഐറ്റംസുമായി വരാം...

മീറ്റിന് പങ്കെടുത്ത സന്തോഷാധിക്യത്താൽ
ഗ്രൂപ്പിൽ ഇങ്ങനെ കുറിപ്പിട്ട നർത്തകിയും പാട്ടുകാരിയുമായ
കലാകാരിയാണ് ഇന്നത്തെ ദളം.

അരുന്ധതി നായർ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പാറമേക്കാവ് ക്ഷേത്രം ശാഖ,
തൃശൂർ.

ചങ്ങനാശ്ശേരിക്കടുത്ത് കറുകച്ചാൽ എൻ എസ് എസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ അസ്ഥിരോഗവിദഗ്ദ്ധനായ ഡോക്ടർ ജഗദീഷ്കുമാറിന്റെയും ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ശിശുരോഗവിദഗ്ദ്ധയായ ഡോക്ടർ സീതാലക്ഷ്മിയുടെയും മൂത്ത മകളാണ് അരുന്ധതി. അനുജൻ ഭരത് തിരുവല്ല ബിലീവേഴ്സ് ചർച്ച് ആശുപത്രിയിലെ മെഡിക്കൽ വിദ്യാർത്ഥി. എൻ എസ് എസ് എന്ന മഹാപ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന പി കെ നാരായണപണിക്കരുടെ ചെറുമകൾ കൂടിയാണ് അരുന്ധതി.

കുട്ടിയായിരിക്കുമ്പോൾ തന്നെ സംഗീതവും നൃത്തവും അഭ്യസിക്കാൻ മാതാപിതാക്കൾ അരുന്ധതിക്ക് അവസരമുണ്ടാക്കിക്കൊടുത്തു. തെങ്ങണ ഗുഡ് ഷെപ്പേർഡ് സ്കൂളിലെ വിദ്യാർത്ഥിനിക്ക് സ്കൂൾ അദ്ധ്യാപകർക്കൊപ്പം ചേർത്ത് വയ്ക്കാൻ പറ്റിയ പേരുകളായിരുന്നു ആർ എൽ വി പ്രദീപ്കുമാറും മാതംഗി സത്യമൂർത്തിയും.

5 കൊല്ലം പ്രദീപ്കുമാറിൽ നിന്നും ഭരതനാട്യം പരിശീലിക്കാൻ കഴിഞ്ഞു. ഇപ്പോൾ കലാക്ഷേത്ര രാജമല്ലികയിൽ നിന്നും നൃത്തം അഭ്യസിക്കുന്നു. കർണാടകസംഗീതത്തിൽ പ്രശസ്ത സംഗീതജ്ഞ മാതംഗി സത്യമൂർത്തിയാണ് കുട്ടിക്കാലം മുതലുള്ള ഗുരു.

നൃത്തമായിരുന്നു കുട്ടിക്കാലത്ത് സംഗീതത്തെക്കാൾ അരുന്ധതിക്ക് ഏറെ പ്രിയമെങ്കിലും അച്ഛന്റെയും അമ്മയുടെയും ജോലിതിരക്കുകളിൽ സംഗീതപരിപാടികളിലായിരുന്നു കൂടുതൽ സമയം ചിലവഴിക്കാനായതും സ്കൂൾ കാലഘട്ടത്തിൽ നൃത്തത്തേക്കാൾ കച്ചേരികളിൽ പങ്കെടുക്കാൻ പ്രേരണയായതും.
സ്കൂൾ തലത്തിൽ മിക്കപ്പോഴും സംഗീതമത്സരങ്ങൾക്ക് സമ്മാനങ്ങൾ നേടിയിട്ടുണ്ടെങ്കിലും 2010 ലെ സി ബി എസ് ഇ സംസ്ഥാന യുവജനോത്സവത്തിൽ നേടിയ ഒന്നാം സമ്മാനം ഏറെ മധുരമുള്ള ഓർമയാണ്.

നൃത്തവും സംഗീതവും പോലെ പ്രിയപ്പെട്ടതായിരുന്നു അരുന്ധതിക്ക് കരാട്ടെയും. കുട്ടിക്കാലത്ത് തന്നെ ബ്ലാക്ക് ബെൽറ്റ് നേടിയെങ്കിലും അത് പിന്നീട് മുന്നോട്ട് കൊണ്ട് പോകാൻ കഴിഞ്ഞില്ല എന്നത് ചെറിയ നൊമ്പരമായി അവശേഷിക്കുന്നു.

സ്കൂൾ ഫൈനലിനും പ്രവേശനപരീക്ഷയിലും ഉയർന്ന മാർക്ക് നേടിയ അരുന്ധതിയുടെ കോളേജ് ജീവിതം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലായിരുന്നു.
കോളേജിലെ ഇന്റർഡിപ്പാർട്മെന്റ് മത്സരങ്ങളിൽ മിക്കപ്പോഴും കർണാടകസംഗീതത്തിന് ഒന്നാം സമ്മാനം നേടിയിരുന്ന അരുന്ധതി കേരള സർവകലാശാല യുവജനോത്സവത്തിലും പല തവണ എ ഗ്രേഡ് നേടിയിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ മത്സരപരീക്ഷകൾക്കുള്ള തയാറെടുപ്പായി പിന്നീട്. ഇതിനിടയിലാണ് 2020 ൽ പാലക്കാട് സ്വദേശി രാഹുൽ ആർ മേനോനുമായി വിവാഹം. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കഴിഞ്ഞ് വക്കീൽ ആയ ആളാണ് രാഹുൽ. പാട്ടും ചിത്രരചനയും ഒക്കെ വക്കീൽ പണിക്കൊപ്പം കൊണ്ട് നടക്കുന്ന രാഹുൽ തികഞ്ഞ ഒരു കലാസ്വാദകൻ കൂടി ആണെന്നത് തന്റെ കലാജീവിതത്തിന് നിറമേറ്റുന്നു എന്നാണ് അരുന്ധതി സന്തോഷത്തോടെ രേഖപ്പെടുത്തുന്നത്.

ഈ കാലഘട്ടത്തിൽ ആണ് കെ ജി എം ഓ എ യുടെ ആഭിമുഖ്യത്തിൽ "ഗെയിം" എന്ന പേരിൽ ഒരു ലഘുചിത്രം തയാറാകുന്നതും അതിൽ ഒരു അഭിനേത്രിയാകാൻ അവസരം ലഭിക്കുന്നതും. ആറാമത് അഖിലകേരള വിദ്യാഭ്യാസ ചലച്ചിത്രോത്സവത്തിൽ ഏറ്റവും മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് ആയി തെരഞ്ഞെടുക്കപ്പെടാനുള്ള അവസരവും അതിലൂടെ അരുന്ധതിയിൽ എത്തിച്ചേർന്നു.

2023ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ക്ലാർക്ക് ആയി ജോലി ലഭിച്ച അരുന്ധതിയെത്തേടി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ പി ഓ നിയമനവും എത്തിയെങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിൽക്കാനായിരുന്നു അരുന്ധതിയുടെ തീരുമാനം.

ബാങ്കിൽ കയറിയ ശേഷം 2023ൽ നടന്ന ബാങ്ക് ഫെസ്റ്റും 2024ൽ നടന്ന ടി ബി മീറ്റും തനിക്ക് മറക്കാൻ കഴിയില്ലെന്ന് അരുന്ധതി. ബാങ്കിൽ കയറുന്നതോടെ കലാജീവിതത്തിന് വിരാമം ആകുമോയെന്ന് ഭയന്ന അരുന്ധതിക്ക് കൂടുതൽ ഊർജസ്വല ആകാനുള്ള അവസരങ്ങളായിരുന്നു ഇവ രണ്ടും.

TB മീറ്റിനെക്കുറിച്ച് പറയുമ്പോൾ അരുന്ധതി ഏറെ വാചാലയായി. "പാടീ.. തൊടിയിലേതോ പൊന്നാഞ്ഞിലി മേൽ...." എന്ന ഗാനം പാടിയതിനൊടുവിൽ ലഭിച്ച നിറഞ്ഞ കയ്യടിയും പ്രോത്സാഹനവും വലിയൊരവാർഡ് ആയാണ് അരുന്ധതി കാണുന്നത്. തൃശൂർ ഭാഗത്തുള്ള കുറേ മാനേജർമാരുമായുള്ള ഗ്രൂപ്പിന് രണ്ടാം ദിവസത്തെ കലാശക്കൊട്ടിനിടയിൽ നൃത്തം അവതരിപ്പിക്കാൻ കിട്ടിയ അവസരം വല്ലാത്തൊരൂർജമാണ് നൽകിയതെന്ന്

പറയുമ്പോൾ അരുന്ധതിയുടെ വാക്കുകളിൽ ഇന്നും ഉന്മേഷം നിറഞ്ഞു തുളുമ്പുന്നു.

അടുത്ത മീറ്റിന് പുതിയ ഇനങ്ങളുമായെത്താനാണ് അരുന്ധതിയുടെ പ്ലാൻ. അതിന് അരുന്ധതിക്ക് കഴിയട്ടെ എന്ന് ടീ ബി കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-----------------------------------------------------------------------------------------------

"It feels boundlessly felicitous to attend my first TB meet at my own place. I would like to thank each and every organizer for facilitating it and making it happen so seamlessly. The celebrations went past my expectations of how I thought it would have been like. I look forward to present something new at the next meet".

This note was shared by the dancer cum singer whom we are about to acquaint you with today,who penned it following the newfound joy on her attending the TB meet wherein she sought her haven for unfurling her delitescent creative faculties. Let's put our spotlight this week on,

Arundhathi Nair,
State Bank of India,
Paramekkavu Temple Branch,
Thrissur.

Arundhathi is the eldest daughter of Dr. Jagadeesh Kumar, an orthopaedic doctor at NSS Medical Mission Hospital, Karukachal near Changanassery, and Dr. Seethalekshmi, a pediatrician at General Hospital, Changanassery. Her younger brother, Bharath is pursuing his medical degree at Believers' Church Medical College in Thiruvalla. Furthermore, she is the granddaughter of P.K Narayana Panicker, a prominent figure who spearheaded the NSS movement.

Her journey in arts began at a tender age, nurtured by her parents who ensured she had the opportunity to learn both music and dance. Educated at Good Shepherd School, Thengana, Arundhati got trained in Bharatanatyam for five years under the tutelage of Shri Pradeepkumar and continues to hone her dance skills under the guidance of Kalakshetra Rajamallika. Mathangi Sathyamoorthy is her guru in Carnatic since childhood.

Though dance held a special place in her heart, her parents' work commitments led her to spend more time in music, participating in concerts rather than dance competitions during her school years. Apart from this, she cherishes fond memories of winning at numerous music competitions, including the prestigious first prize she won at the CBSE State Youth Festival held in the year 2010.

Arundhathi's passions extended beyond the arts. She also pursued karate with dedication, earning a black belt as a child. While she regrets not being able to continue, it remains a proud accomplishment.

Academically gifted, Arundhathi excelled in her final school exams and entrance tests, which led her to pursue engineering at the Government Engineering College, Trivandrum. Even during her college years, she consistently won first prizes in Carnatic music at inter-departmental competitions securing A grades multiple times at the Kerala University Youth Festival.

After completing her college education, Arundhathi began preparing for competitive exams. During this time, she married Rahul R. Menon in 2020. Rahul, an engineer turned lawyer who hails from Palakkad, is also an artist with a passion for singing and painting, bringing even more creativity into Arundhathi's life.

It was during this period that Arundhati had the chance to act in a short film titled "Game," produced by the KGMOA, for which she won the award for the Best Dubbing Artist at the 6th All Kerala Educational Film Festival.

In 2023, Arundhathi secured a job as a clerk at the State Bank of India and was later offered the position of PO at the Central Bank of India, but she chose to remain with SBI.

Arundhathi recalls the 2023 bank fest and the 2024 TB meet with exuberance; as events that reignited her passion for the arts. She had once feared that her artistic pursuits might dwindle after joining the bank, but these experiences provided her with renewed energy and opportunities.

The standing ovation she received for her rendition of "Padi thodiyilethoo Ponanjili Mel" at the TB meet is a moment she cherishes deeply. She still speaks with enthusiasm about the thrill of performing a dance with a group of managers from Thrissur area during 'Kalashakkottu' on the event's second day.

Arundhathi's plan is to come up with new performances for the next meet. The TB family wishes her all the best for her wish to come true